## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2919.** **06.11.2019 ൽ മറുപടിയ്ക്ക്**

**കൗമാരക്കാരിലെയും യുവജനങ്ങളിലെയും വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കൗമാരക്കാരിലും യുവജനങ്ങളിലും വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം കുറച്ചു കൊണ്ടു വരുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | മയക്കുമരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കും എതിരായ പ്രവർത്തനങ്ങളിൽ എൻഫോഴ്സ്മെന്റിനോടൊപ്പം തന്നെ പ്രസക്തമാണ് ഫലപ്രദമായ ബോധവത്കരണ പ്രവർത്തനങ്ങളും. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റസിഡന്റ്സ് അസ്സോസ്സിയേഷനുകൾ, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, എന്നിവയുമായി സഹകരിച്ച് ലഹരിക്കെതിരെ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന സംഘടിപ്പിച്ച് വരുന്നു. വിപുലമായ ബോധവത്കരണ ക്ലാസ്സുകൾ, കലാ-സാഹിത്യ കായിക മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് സംസ്ഥാനതലത്തിൽ ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനം ശക്തപ്പെടുത്തുന്നതിന്റെ ഭാഗമായി എക്സൈസ് കമ്മീഷണർ മുതൽ സിവിൽ എക്സൈസ് ഓഫീസർ വരെയുള്ള എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാഭ്യാസ സ്ഥാപങ്ങളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപത്തുള്ള വ്യാപാര സ്ഥാപനങ്ങളിൽ വിവിധ | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | തരത്തിലുള്ള ലഹരി വസ്തുക്കൾ വിൽപന നടത്തുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | കുട്ടികളെ ആകർഷിക്കുന്നതിനായി ഏതെല്ലാം തരത്തിലാണ് ലഹരിവസ്തുക്കൾ സംസ്ഥാനത്തെ സ്കൂൾ കോളേജ് പരിസരങ്ങളിൽ വിറ്റഴിക്കപ്പെടുന്നത്; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (സി) | കുട്ടികളെ ആകർഷിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ, കോളജ് പരിസരങ്ങളിൽ വിവിധ തരത്തിലുള്ള പാൻ ഉൽപ്പന്നങ്ങൾ (തംപാക്ക്, പാൻ പരാഗ് മുതലായവ), ബ്രാൻഡഡ് അല്ലാത്ത വിവിധ തരം സിഗരറ്റ്, ബീഡി, കൂടാതെ ലഹരി വസ്തുക്കൾ അടങ്ങിയ മിഠായികൾ, ജ്യൂസുകൾ എന്നിവ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ലഹരിമരുന്ന് വിൽപ്പനക്കാർ കൗമാരക്കാരെയും യുവജനങ്ങളെയും ഉപയോഗിച്ച് ലഹരിമരുന്ന് വിറ്റഴിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) യും (ഇ) യും | അത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രവണത അവസാനിപ്പിക്കുന്നതിന് എക്സൈസ് എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുകയും, സ്കൂൾ, കോളേജ് പരിസരങ്ങൾ നിരീക്ഷിക്കുന്നതിനും എക്സൈസ് റേഞ്ച്, സർക്കിൾ, സ്ക്വാഡ്, ഐ.ബി. അംഗങ്ങൾ നിരീക്ഷണം നടത്തിവരുകയും ചെയ്യുന്നുണ്ട്. കൂടാതെ വിമുക്തി മിഷൻ വിവിധ പ്രചാരണ പരിപാടികളും സംഘടിപ്പിച്ച് ബോധവൽക്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നുമുണ്ട്. ലഹരിക്കടിമപ്പെട്ടവർക്ക് 14 ജില്ലാ ഡി-അഡിക്ഷൻ സെന്ററുകൾ മുഖേന സൗജന്യ ചികിത്സ നൽകുന്നുണ്ട്. ലഹരിയിലേയ്ക്ക് വഴുതി പോകാനിടയുള്ളവർക്ക സൗജന്യ കൗൺസിലിംഗ് സൗകര്യം നല്കുന്നതിലേക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ഓരോ സെന്ററിലും രണ്ടു വീതം കൗൺസിലർമാർ കൗൺസിലിംഗ് സേവനം നൽകി വരുന്നു. |
| (ഇ) | എങ്കിൽ ഇത്തരം പ്രവണത അവസാനിപ്പിക്കുന്നതിനും നമ്മുടെ കൗമാരക്കാരെയും യുവജനങ്ങളെയും ഇവയിൽ നിന്നും മോചിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ വിശദാംശം നൽകുമോ; | | |

<table>
<tr>
<td>(എഫ്)</td>
<td>സ്കൂൾ കോളേജ് പരിസരങ്ങളിൽ ലഹരി വസ്തുക്കൾ വിവിധ രീതിയിൽ വില്പന നടത്തിയതിന്റെ പേരിൽ എത്ര കച്ചവടക്കാർക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ?</td>
<td>(എഫ്)</td>
<td>3320 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.
<table>
<tr><th>ക്രമ നമ്പർ</th><th>ജില്ലകൾ</th><th>എണ്ണം</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>864</td></tr>
<tr><td>2</td><td>കൊല്ലം</td><td>485</td></tr>
<tr><td>3</td><td>പത്തനംതിട്ട</td><td>92</td></tr>
<tr><td>4</td><td>ആലപ്പുഴ</td><td>256</td></tr>
<tr><td>5</td><td>കോട്ടയം</td><td>107</td></tr>
<tr><td>6</td><td>ഇടുക്കി</td><td>29</td></tr>
<tr><td>7</td><td>എറണാകുളം</td><td>163</td></tr>
<tr><td>8</td><td>തൃശ്ശൂർ</td><td>52</td></tr>
<tr><td>9</td><td>പാലക്കാട്</td><td>1165</td></tr>
<tr><td>10</td><td>മലപ്പുറം</td><td>40</td></tr>
<tr><td>11</td><td>കോഴിക്കോട്</td><td>6</td></tr>
<tr><td>12</td><td>വയനാട്</td><td>7</td></tr>
<tr><td>13</td><td>കണ്ണൂർ</td><td>43</td></tr>
<tr><td>14</td><td>കാസർഗോഡ്</td><td>11</td></tr>
<tr><td></td><td>ആകെ</td><td>3320</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ